HON'BLE MR. A. J. JOHN : വാടക കൊടുക്കുന്ന കാര്യംമാത്രം നോക്കി കോടതി മാറുന്നതു ശരിയല്ല.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : മാവേലിക്കര ജില്ലാക്കോടതി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ സൗകര്യാസൗകര്യങ്ങളെപ്പറ്റി ഹൈക്കോടതിയിൽനിന്നും വന്നിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

HON'BLE MR. A. J. JOHN : റിപ്പോർട്ടിൽ ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അതിനെപ്പറ്റി അന്വേഷിച്ചതിനുശേഷമാണ് മാറ്റേണ്ടോ എന്നു ഹൈക്കോടതി റിപ്പോർട്ടു ചെയ്തിട്ടുള്ളതു്.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*): Is the Government aware that the house of Mr. P. Balakrishnan Tampi is no more distant from the Mavelikara Court than that of Mr. Gopala-Panicker? (Loud laughter).

MR. PRESIDENT: That question is ruled out.

MR. ABDUL AZIZ (*Trivandrum I—Muslim*): പൊതുജനങ്ങളുടെ സൗകര്യത്തേക്കാൾ കൂടുതലായി മാവേലിക്കരയിലേയും ചെങ്ങന്നൂരിലേയും അഭിഭാഷകർ തമ്മിലുള്ള ഒരു തർക്കം എന്ന നിലയിലല്ലേ ഇതിനെ കണക്കാക്കേണ്ടതു്.

അലുവാ പഞ്ചായത്തു ജഡ്ജി.

259. MR. A. V. JOSEPH (*Kunnathunad I—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) അലുവാ പഞ്ചായത്തു ജഡ്ജി അവർകളുടെ സ്വദേശം ഏതാണ്?

(ബി) ആ കോടതിസമയം എന്താണെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന് ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : അലുവാ പഞ്ചായത്തുകോടതി ജഡ്ജി അവർകളുടെ സ്വദേശം ഏതാണെന്നാണ് ചോദ്യം. എന്നാൽ അലുവാ പഞ്ചായത്തുകോടതിയിൽ ഒരു ജഡ്ജിമാരുണ്ട്. ഈ അഞ്ചുപേരുടേയും സ്വദേശം അറിയണമെന്നുണ്ടെങ്കിൽ പറയാം.

പ്രസിഡന്റ്, അലുവാ കോടതിയിൽ വ്യവഹരിക്കുന്ന പറവൂർ സ്വദേശിയും, സീനിയർ ജഡ്ജി, തോട്ടുംമുഖം സ്വദേശിയും, രണ്ടു ജഡ്ജിമാർ അലുവാ മുനിസിപ്പൽ അതിർത്തിയിൽ താമസിക്കുന്നവരും, ഒരു ജഡ്ജി അലുവായിൽനിന്നും അഞ്ചു മൈൽ ദൂരത്തുള്ള കരുമാല്ലൂർ സ്വദേശിയും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കോടതി സമയം എന്താണെന്നുള്ള ചോദ്യത്തിലെ രണ്ടാമത്തെ ഭാഗത്തിന്റെ ഉത്തരം, തിങ്കൾ, ചൊവ്വാ, വ്യാഴം ഈ ദിവസങ്ങളിൽ വ മണിമുതൽ ഫ ഫ മണിവരെയും ശനിയാഴ്ച ന മണിമുതൽ ള മണിവരെയും എന്നാണ്.

MR. A. V. JOSEPH : ഈ ജഡ്ജിമാർ സമയത്തു് കോടതിയിൽ വരുന്നുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : വരുന്നില്ലെന്നുള്ളതിനു് യാതൊരു റിപ്പോർട്ടും ഗവണ്മെന്റിനു കിട്ടിയിട്ടില്ല.

MR. A. V. JOSEPH : ജഡ്ജിമാർ സമയത്തു വരാതിരിക്കുന്നതുകൊണ്ടു് അതുകൊണ്ടു് വിഷമമുണ്ടാകുന്നുണ്ടെന്നറിയാമോ ?

MR. PRESIDENT : They are not questions for information. You are imparting information to the Government. It is disallowed.

State Transport.

*260. MR. P. GOPALAN (*Vaikom III—General*) : Will the Hon'ble Minister for Transport be pleased to state :

(*a*) whether there is a proposal for constructing a waiting shed at Vaikom ; and

(*b*) if the answer to part (*a*) is in the affirmative, how far has it progressed ?

HON'BLE MR. K. R. ELANKATH : (എ) ഉണ്ടു്.

(ബി) ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണു്. അവിടെ അഞ്ചലാഫീസു് ഇട്ടിരിക്കുന്ന സ്ഥലത്തുനിന്നും ഫ ഠ സെന്റു സ്ഥലം ഈ ആവശ്യത്തിലേക്കു് എടുത്തുകൊടുക്കണമെന്നു ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. അതേ സംബന്ധിച്ചു് അഞ്ചൽസൂപ്രണ്ടിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണു്. അതിനു താമസം നേരിടുന്നപക്ഷം തൽക്കാലം വേറെയൊരു സ്ഥലം വാടകയ്ക്കെടുത്തു ഡിപ്പാർട്ടുമെന്റു ആവശ്യത്തിനു ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

MR. P. GOPALAN : സ്ഥലം എടുക്കണമെന്നു വിചാരിക്കുന്നതു വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കാനാണോ ബസുകളെ രാത്രികാലങ്ങളിൽ ഇട്ടു സൂക്ഷിക്കുന്നതിനാണോ?

HON'BLE MR. K. R. ELANKATH : രണ്ടിനും ആ സ്ഥലം ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

MR. P. GOPALAN : ആ സ്ഥലം ബസ് സ്റ്റാൻറിൽനിന്നും വളരെ അകലെയാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly